പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2011 7/07/2015-ൽ മറുപടിക്ക്

# സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷന് ആവശ്യമായി വരുന്ന പോസ്റ്റുകൾക്ക് ഓരോന്നിനും എത്ര രൂപ വീതമാണ് നിലവിൽ ഈടാക്കിവരുന്നത്; | (എ) ഓവർഹെഡ് ലൈൻ ആവശ്യമില്ലാത്ത സപ്പോർട്ട് പോസ്റ്റ് ഉപയോഗിച്ച് നൽകുന്ന വെതർപ്രൂഫ് സർവ്വീസ് കണക്ഷന് 4000/- രൂപയും, ഒരു പോസ്റ്റ് ഉപയോഗിച്ച് 50 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 11500/- രൂപയും, രണ്ടു പോസ്റ്റ് ഉപയോഗിച്ച് 50 മീറ്റർ മുതൽ 100 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 18900/- രൂപയും, മൂന്ന് പോസ്റ്റ് ഉപയോഗിച്ച് 100 മീറ്റർ മുതൽ 150 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നൽകുന്ന സർവ്വീസ് കണക്ഷന് 26100/- രൂപയും, നാല് പോസ്റ്റ് ഉപയോഗിച്ച് 150 മീറ്റർ മുതൽ 200 മീറ്റർ വരെ സിംഗിൾ ഫേസ് ഓവർഹെഡ് ലൈൻ വലിച്ച് നല്കുന്ന സർവ്വീസ് കണക്ഷന് 33700/-രൂപയുമാണ് ഈടാക്കിവരുന്നത്. |
| (ബി) സാമ്പത്തികശേഷി ഇല്ലാത്തവരും, വൈദ്യുത് കണക്ഷന് 4ഉം 5ഉം പോസ്റ്റുകൾ വേണ്ടിവരുന്ന ഉൾ പ്രദേശങ്ങളിൽ താമസിക്കുന്നവരുമായ | (ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയിൽ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, |

( . . . 2)

കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

തൃശ്ശൂർ എന്നീ ജില്ലകളിൽ എല്ലാ ബി.പി.എൽ. വിഭാഗക്കാർക്കും പൂർണ്ണമായി സൗജന്യമായും 1000 ച.അടിക്കു താഴെ പ്ലിന്ത് ഏരിയയുള്ള എ.പി.എൽ. വിഭാഗക്കാർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി, പോസ്റ്റുകളിലൂടെയുള്ള ഓവർ ഹെഡ് ലൈൻ നിർമ്മിച്ചുകൊണ്ടും 30.09.2015 വരെ കണക്ഷൻ നൽകുന്നതിനു ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റു 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)യിൽ ഉൾപ്പെടുത്തി ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി വെതർ പ്രൂഫും പോസ്റ്റുകളിലൂടെയുള്ള ഓവർഹെഡ് ലൈനും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**